FRIDAY 12.04.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/04/2024

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2024 ഏപ്രിൽ 17. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി: 2024 ഏപ്രിൽ 16. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. കാർഷിക ബിരുദധാരികൾക്കുള്ള മികച്ച ഉപരിപഠന മേഖലയാണ് അഗ്രിബിസിനസ് മാനേജ്മെന്റ്, കാർഷിക, വെറ്ററിനറി, ഫിഷറീസ് മുതലായ വിഷയങ്ങളിൽ ബിരുദം പൂർത്തിയാക്കിയവർക്ക് ചേരാവുന്ന അഗ്രിബിസിനസ് മാനേജ്മെന്റ് സപ്ലൈ ചെയിൻമാനേജ്മെന്റ്, റൂറൽമാനേജ്മെന്റ് കോഴ്സുകളുണ്ട്. ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്സ്റ്റൻഷൻ മാനേജ്മെന്റിൽ അഗ്രി ബിസിനസ്, സപ്ലൈ ചെയിൻ മാനേജ്മെന്റ് ബിരുദാനന്തര കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാനുള്ള പ്രാഥമിക യോഗ്യത കാർഷിക, കാർഷിക അനുബന്ധ ബിരുദമാണ്. മഹാരാഷ്ട്രയിലുള്ള ഡി.വൈ പാട്ടീൽ യൂണിവേഴ്സിറ്റിയിലും കാർഷിക അനുബന്ധ ബിരുദധാരികൾക്ക് അഗ്രിബിസിനസ്

മാനേജ്മെൻ്റിൽ ബിരുദാനന്തര പ്രോഗ്രാമുണ്ട്. കേരള കാർഷിക സർവകലാശാലയുടെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെൻറ് നടത്തുന്ന അഗ്രിബിസിനസ്മാനേജ്മെൻറ് പ്രോഗ്രാമുകൾക്കും ഏത് ബിരുദധാരികൾക്കും അപേക്ഷിക്കാം. അഹമ്മദാബാദിലെ സെപ്റ്റ് യൂണിവേഴ്സിറ്റിയിൽ ബാച്ചല്ർ പ്രോഗ്രാം ഇൻ ഡിസൈൻ, സിവിൽ എൻജിനിയറിംഗ്, അർബൻ ഡിസൈൻ, ആർക്കിടെക്ചർ, ഡിസൈൻ, മാനേജ്മെൻ്റ്, പ്ലാനിംഗ്, ടെക്നോളജി ബിരുദാനാന്തര പ്രോഗ്രാമുകൾക്കും ഓൺലൈനായി www.cept.ac.in അപേക്ഷിക്കാം.

3. പാലക്കാട് തിരുവാഴാംകുന്ന് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി ഏവിയൻ റിസർച്ച് സ്റ്റേഷനിൽ ഒരു ദിവസം പ്രായമുള്ള കോഴി, താറാവ്, കാട എന്നിവയുടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 04924 293885, 6282907009 എന്ന നമ്പറുകളിൽ ബന്ധപ്പെടുക. ടർക്കിയും അലങ്കാര കോഴികളും അഡ്വാൻസ് ബുക്കിംഗ് മുഖാന്തരം ലഭ്യമാവുന്നതാണ്.

4. ഷീറ്റുറബ്ബർ കയറ്റുമതി ചെയ്യുന്നതിന് കിലോഗ്രാമിന് അഞ്ച് രൂപ പ്രോത്സാഹനമായി നൽകാൻ റബ്ബർബോർഡ് തീരുമാനിച്ചു. 2024 മാർച്ച് 15 മുതൽ ജൂൺ 30 വരെ ഈ പദ്ധതി നിലവിലുണ്ടായിരിക്കും. കയറ്റുമതിക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി ഒരു എക്സ്പോർട്ട് പ്രൊമോഷൻ സെൽ ബോർഡ് രൂപവത്ക്കരിച്ചിട്ടുണ്ട്. ബോർഡ് നൽകുന്ന രജിസ്ട്രേഷൻ-കം-മെമ്പർഷിപ്പ് സർട്ടിഫിക്കറ്റും ഇന്ത്യൻ നാച്ചുറൽ റബ്ബർ ലോഗോ ഉപയോഗിക്കുന്നതിനുള്ള രജിസ്ട്രേഷനും ഉള്ളവർക്ക് പ്രകൃതിദത്തറബ്ബറിൻ്റെ കയറ്റുമതിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരിക്കുന്ന ഈ പ്രോത്സാഹനപദ്ധതിയുടെ പ്രയോജനം ലഭിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 5. വിള പരിപാലന നിർദ്ദേശങ്ങൾ

### വാഴ

- വാഴച്ചുവട് കരിയിലയോ മറ്റ് ജൈവവസ്തുക്കളോ വിള അവശിഷ്ടങ്ങളോ ഉപയോഗിച്ച് പുതയിടുക.
- കണികജലസേചന രീതി (12 ലിറ്റർ / ഒരു ദിവസം/ വാഴയൊന്നിന്) അവലംബിക്കുക
- വരൾച്ച പ്രതിരോധിക്കാൻ വാഴയിലകളിൽ സൾഫേറ്റ് ഓഫ് പൊട്ടാഷ് ( 5 ഗ്രാം ഒരു ലിറ്റർവെള്ളത്തിൽ) രണ്ടാഴ്ചഇടവേളകളിൽ തളിച്ചുകൊടുക്കാവുന്നതാണ്.
- വേനൽക്കാലത്ത് വാഴയിലയിൽ ഇലപ്പേനിന്റേയും മണ്ഡരിയുടേയും ആക്രമണത്തിനു സാധ്യതയുണ്ട്. എങ്കിൽ ഇലയുടെ അടിവശത്ത് വീഴത്തക്ക രീതിയിൽ ഹോർട്ടിക്കൾച്ചർ മിനറൽ ഓയിൽ 25 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിയ്ക്കാം. വെറ്റബിൾ സൾഫർ 2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ കലക്കിതളിയ്ക്കുന്നതും മണ്ഡരിക്കെതിരെ ഫലപ്രദമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം